**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് ഫെൻസിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri. A. K. Saseendran** (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ അക്രമണങ്ങൾ തടയുന്നതിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വനമേഖലയോട് ചേർന്ന ജനവാസ പ്രദേശങ്ങളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 88.3 കി.മീ. സൗരോർജ്ജ കമ്പിവേലി, 0.5 കി.മീ. ഹാംഗിംഗ് സോളാർ ഫെൻസിംഗ് എന്നിവ നിലവിലുണ്ട്. അവയുടെ പരിപാലനവും അറ്റകുറ്റപ്പണികളും യഥാസമയം നടത്തി വരുന്നുണ്ട്. കൂടാതെ 2020-21-ൽ 34.8 കി.മീറ്റർ സൗരോർജ്ജ കമ്പവേലി പരിപാലനവും 0.5 കി.മീറ്റർ നിർമ്മാണവും (ഹാംഗിംഗ് സോളാർ) നടത്തിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി വന്യമൃഗശല്യം നേരിടുന്നതിന് വെങ്ങക്കോട്-ചെമ്പ്ര (5 കി.മീ.), കുന്നുംപുറം - 10-ാം മൈൽ (3കി.മീ) എന്നീ സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മാണത്തിനായി 4.2249 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവർത്തി ടെണ്ടർ ചെയ്യുകയും ബന്ധപ്പെട്ട സബ് കമ്മിറ്റി ചേർന്ന് ടെണ്ടർ അംഗീകരിക്കുകയും പ്രൊജക്ട് മാനേജ്മെൻറ് കൺസൾട്ടൻസിയായി പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷനെ നിയമിക്കുകയും ചെയ്തു. പ്രവർത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കൽപ്പറ്റ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വന്യമൃഗശല്യം തടയുന്നതിന് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തി വയനാട് പാക്കേജിൽ ഉൾപ്പെടുത്തി, ആയത് വയനാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |
| (സി) | പ്രസ്തുത മേഖലയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | കിഫ്ബിയിൽ ഉൾപ്പെടുത്തി വന്യമൃഗശല്യം നേരിടുന്നതിന് ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മാണത്തിനായി 4.2249 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ഐറ്റം | കി.മീ. | തുക (ലക്ഷത്തിൽ) |
|---|---|---|
| ഹാഗിംഗ് പവർ ഫെൻസിംഗ് | 100.5 | 552.75 |
| ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് | 17.5 | 1537.50 |
| റെയിൽ ഫെൻസിംഗ് | 3 | 540 |
| ബയോ ഫെൻസിംഗ് | 8 | 16 |